നം. **CEE/5454/2017/ LLM-2017/TA2**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695001

# വിജ്ഞാപനം

## 2017 -18 ലെ എൽഎൽ.എം. കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ

1. തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ സർക്കാർ ലോ കോളേജുകളിലെയും സംസ്ഥാന സർക്കാരുമായി സീറ്റ് പങ്കിടുന്ന സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2017–18 അദ്ധ്യയന വർഷത്തെ എൽഎൽ.എം. കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

2. **പ്രവേശനത്തിനുവേണ്ട യോഗ്യതകൾ**

   1. **നേറ്റിവിറ്റി:** അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം. [പ്രോസ്പെക്ടസ് ക്ലോസ് 5 കാണുക]
   2. **വിദ്യാഭ്യാസ യോഗ്യത** : കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും ലഭിച്ചതോ അല്ലെങ്കിൽ കേരളത്തിലെ സർവ്വകലാശാലകൾ തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതുമായ ത്രിവത്സര/പഞ്ചവത്സര എൽഎൽ.ബി പരീക്ഷയിൽ കുറഞ്ഞത് 50% മാർക്കോടെയുള്ള വിജയം.

      ത്രിവത്സര/പഞ്ചവത്സര അവസാന വർഷ പരീക്ഷ എഴുതുന്ന/എഴുതി ഫലം കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്. പക്ഷെ അത്തരത്തിലുള്ളവർ അഡ്മിഷൻ സമയത്ത് യോഗ്യതാ പരീക്ഷയുടെ ഒറിജിനൽ മാർക്ക് ലിസ്റ്റ് ഡിഗ്രി/ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.
   3. **വയസ്സ്** : എൽഎൽ.എം കോഴ്സിലേയ്ക്ക് ഉയർന്ന പ്രായപരിധിയില്ല.

3. **പ്രവേശന പരീക്ഷ** : കോഴ്സിലേയ്ക്കുള്ള പ്രവേശനം, പ്രവേശന പരീക്ഷ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയിൽ ലഭിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. പ്രവേശന പരീക്ഷ **2018 ഫെബ്രുവരി 25–ാം തീയതി (ഞായറാഴ്ച) തിരുവനന്തപുരത്ത്** വച്ച് നടത്തുന്നതാണ്. പ്രവേശന പരീക്ഷയ്ക്ക് ഒന്നര മണിക്കൂർ വീതം [രാവിലെ 9.30 മുതൽ 11 മണി വരെ (പേപ്പർ–I), 11.30 മുതൽ 1 മണി വരെ (പേപ്പർ–II)] ദൈർഘ്യമുള്ള രണ്ട് പേപ്പറുകൾ ഉണ്ടായിരിക്കും. ഓരോ പേപ്പറിലും ഒബ്ജെക്ടീവ് മാതൃകയിലുള്ള 100 ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ചോദ്യങ്ങൾ എൽഎൽ.ബി പരീക്ഷയുടെ നിലവാരത്തിലുള്ളതായിരിക്കും.

4. **ഓൺലൈൻ അപേക്ഷാ സമർപ്പണവും അപേക്ഷാ ഫീസും:** ജനറൽ/എസ്.ഇ.ബി.സി വിഭാഗത്തിന് 800 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 400 രൂപയുമാണ് അപേക്ഷാ ഫീസ്. അപേക്ഷാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **27.01.2018** മുതൽ **07.02.2018 വൈകുന്നേരം 5 മണി** വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫീസ് ഓൺലൈൻ പേയ്മെന്റായോ ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ–ചെലാൻ മുഖേനയോ അടയ്ക്കേണ്ടതാണ് (ക്ലോസ് 11.2.3 കാണുക). നെറ്റ് ബാങ്കിംഗ്, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് മുതലായ മാർഗങ്ങൾ ഓൺലൈൻ പേയ്മെന്റ് ഓപ്ഷനിൽ ഉപയോഗപ്പെടുത്താവുന്നതാണ്.ഇ–ചെലാൻ വഴി ഫീസ് ഒടുക്കുന്നവർ കേരളത്തിലെ ഏതെങ്കിലും പോസ്റ്റ് ഓഫീസിലെ ഹെഡ്/സബ് ശാഖകളിൽ പണമായി ഫീസ് അടയ്ക്കേണ്ടതാണ്. അപേക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. ഫീസ് ഒടുക്കിയ ശേഷം അപേക്ഷകന്റെ അടുത്ത കാലത്ത് എടുത്ത പാസ്പോർട്ട് സൈസ് കളർ ഫോട്ടോ, ഒപ്പ്, ആവശ്യമായ സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ എന്നിവ പ്രോസ്പെക്ടസ് ക്ലോസ് 11.2.4–ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഓൺലൈനായി അപ്ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

**ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ട സർട്ടിഫിക്കറ്റുകൾ/രേഖകൾ**

- നേറ്റിവിറ്റി തെളിയിക്കുന്നതിനായി പ്രോസ്പെക്ടസ് ക്ലോസ് 5–ൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ഒരു രേഖ
- ജനനത്തീയതി തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സി/ജനന സർട്ടിഫിക്കറ്റ്/ പാസ്പോർട്ട്
- അപേക്ഷകൻ എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ തഹസീൽദാർ നൽകിയ ജാതി സർട്ടിഫിക്കറ്റ്.
- അപേക്ഷകൻ എസ്.ഇ.ബി.സി/ഒ.ഇ.സി വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകിയ നോൺ–ക്രീമിലെയർ സർട്ടിഫിക്കറ്റ്.
- അപേക്ഷകൻ നോൺ–ക്രീമിലെർ വിഭാഗത്തിൽപ്പെടാത്ത ഒ.ഇ.സി വിദ്യാർത്ഥിയാണെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ്.
- അപേക്ഷകൻ പ്രോസ്പെക്ടസ് അനുബന്ധം–IV(a) ലെ വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന നോൺ–ക്രീമിലെയർ/ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും.
- അപേക്ഷകൻ മിശ്രവിവാഹിതരായ പട്ടികജാതി/പട്ടിക വർഗ വിഭാഗങ്ങളിൽപ്പെട്ട രക്ഷിതാക്കളുടെ മകൻ/മകൾ ആണെങ്കിൽ തഹസീൽദാർ നൽകിയ മിശ്രവിവാഹ സർട്ടിഫിക്കറ്റ്
- ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണത്തിന് ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് (ബാധകമെങ്കിൽ)
- അപേക്ഷകൻ രജിസ്റ്റേഡ് മത്സ്യത്തൊഴിലാളിയുടെ മകൻ/മകൾ ആണെങ്കിൽ ഫീസിളവിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്.

5. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരുകാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.
6. അപേക്ഷാഫോമിനോടൊപ്പം ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ അതിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിശ്ചിത പ്രഫോർമകളിൽ തന്നെ സമർപ്പിക്കേണ്ടതാണ്.
7. **അഡ്മിറ്റ് കാർഡ്**: പരീക്ഷയ്ക്ക് ഓൺലൈൻ വഴി രജിസ്റ്റർ ചെയ്ത അപേക്ഷകർക്ക് അവരുടെ **അഡ്മിറ്റ് കാർഡ് 17.02.2018 മുതൽ www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഈ അഡ്മിറ്റ് കാർഡാണ് പരീക്ഷാ ഹാളിൽ കൊണ്ടുവരേണ്ടത്.
8. **സീറ്റുകളുടെ അലോട്ട്മെന്റ്**: പ്രവേശന പരീക്ഷാഫലം പ്രസിദ്ധീകരിച്ച ശേഷം റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ, അപേക്ഷകർ രേഖപ്പെടുത്തുന്ന കോളേജുകളുടെ മുൻഗണനാക്രമമനുസരിച്ച് കോഴ്സിന്റെ പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടത്തുന്നതാണ്. കേന്ദ്രീകൃത അലോട്ട്മെന്റിന്റെ തീയതി വെബ്സൈറ്റിലും പ്രമുഖ ദിനപത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് വ്യക്തിപരമായി അറിയിപ്പുകൾ നൽകുന്നതല്ല.
9. 2017–18 ലെ എൽഎൽ.എം കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയും അലോട്ട്മെന്റും സർക്കാർ അംഗീകാരത്തോടെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസ് വ്യവസ്ഥകൾക്ക് വിധേയമായിരിക്കും. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് ഇത് ശ്രദ്ധാപൂർവ്വം വായിക്കേണ്ടതാണ്.

   കൂടുതൽ വിവരങ്ങൾക്ക് **0471–2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
25.01.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**